(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കർഷകർക്ക് കടാശ്വാസ നടപടികൾ

T1[615] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കടാശ്വാസം നൽകുന്നതിന് ഈ സർക്കാർ നടപ്പു സാമ്പത്തിക വർഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതിൻപ്രകാരം കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാകുമോ;

(ഡി) ഈ ഉത്തരവുകൾ എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത് എന്നും ഇതിന്റെ കാലദൈർഘ്യം എത്ര എന്നും വ്യക്തമാക്കുമോ;

(ഇ) ഈ ഉത്തരവുകൾ പ്രാബല്യത്തിൽ വരുത്താതെ കർഷകരുടെ കടങ്ങൾ നിർബന്ധമായി പിരിച്ചെടുക്കുന്ന ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പേരിൽ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ നിർബന്ധപൂർവ്വം കർഷകരിൽ നിന്ന് പിരിച്ചെടുക്കുന്ന കാർഷിക കടങ്ങൾ കർഷകർക്ക് തിരികെ നൽകാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ജി) കാർഷിക വായ്പകളുടെ പലിശ മുഴുവൻ എഴുതി തള്ളുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ — ഡി) കാർഷിക കടാശ്വാസം നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 25 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക വിനിയോഗിക്കുന്നതിലേക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ജി. ഒ. (എം. എസ്.) 194/2004/ റവന്യൂ തീയതി 9-6-2004-ലെ ഉത്തരവിൻപ്രകാരം കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയവും ടി കാലയളവിൽ പലിശയും, പിഴപ്പലിശയും ഇളവ് അനുവദിക്കുന്നതാണ്. ഉത്തരവും † അനുബന്ധമായി ചേർത്തിട്ടുണ്ട്. 23-1-2004 മുതൽ ഒരു വർഷത്തേയ്ക്കാണ് മോറട്ടോറിയം നൽകിയിട്ടുള്ളത്.

(ഇ ആന്റ് എഫ്) പ്രസ്തുത ഉത്തരവ് സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാണ്. ആ സ്ഥാപനങ്ങളിൽ നിന്ന് 29-1-2001-ന് ശേഷം എടുത്ത കാർഷിക കടം 23-1-2003-ന് ശേഷം കർഷകർ നൽകിയാൽ മതിയാകും.

(ജി) മേൽ വിവരിച്ച ഉത്തരവ് പ്രകാരം ഒരു വർഷത്തേയ്ക്ക് കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത കാർഷിക കടത്തിന് പലിശ നൽകേണ്ടതില്ല.

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly